(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി എയിംസ് സോഫ്റ്റ് വെയർ ഒന്നാം ഘട്ടം വകുപ്പിൽ പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പ് ഓഡിറ്റ് ചെയ്യുന്ന എല്ലാ മേഖലകളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വകുപ്പിന്റെ ഏതാനും ജില്ലാ കാര്യാലയങ്ങൾ നവീകരിക്കാൻ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ട്.

(ബി) ഓഡിറ്റ് പ്രക്രിയ കാര്യക്ഷമമാക്കുകയും ഓഡിറ്റ് കാലതാമസവും കുടിശ്ശികയും കുറയ്ക്കുകയുമാണ് സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന്റെ പ്രധാനലക്ഷ്യം. ജില്ലാ കാര്യാലയ നവീകരണത്തിലൂടെ പ്രസ്തുത ഓഫീസിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് കമ്പ്യൂട്ടർവത്ക്കരണത്തിന് അനുയോജ്യമായ രീതിയിൽ നെറ്റ്വർക്കിംഗ്, ഇലക്ട്രിഫിക്കേഷൻ എന്നിവ ഉൾപ്പെടെ നവീകരിക്കാൻ സാധിക്കും. ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നതിലൂടെ ഓഡിറ്റ് വകുപ്പിന്റെ കാര്യക്ഷമതയും ഓഡിറ്റിന്റെ നിലവാരവും ഉയർത്താൻ സാധിക്കും.

(സി) എയിംസ് സോഫ്റ്റ് വെയറിന്റെ രണ്ടാം ഘട്ടം വികസിപ്പിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വകുപ്പിന്റെ പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലാ കാര്യാലയങ്ങൾ നവീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നതിനുള്ള വിഷയ നിർദ്ദേശങ്ങളുടെ കരട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

വിജിലൻസ് വകുപ്പിന്റെ കാര്യക്ഷമത

17 (*317) ശ്രീ. കെ. കെ. നാരായണൻ :

,, കെ. കുഞ്ഞിരാമൻ (ഉദുമ) :

,, പുരുഷൻ കടലുണ്ടി :

,, ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വിജിലൻസ് വകുപ്പിനെ നിഷ്പക്ഷവും കുറ്റമറ്റരീതിയിലും പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) വിജിലൻസിന്റെ കൃത്യനിർവ്വഹണത്തിലുള്ള വീഴ്ചയും നിയമവിരുദ്ധമായ നടപടികളും ജനങ്ങൾക്ക് പ്രസ്തുത വകുപ്പിലുള്ള വിശ്വാസം നഷ്ടപ്പെടുത്തികൊണ്ടിരിക്കുകയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിജിലൻസ് അന്വേഷണത്തിലും തുടർനടപടികളിലും രാഷ്ട്രീയ ഇടപ്പെടൽ ഉണ്ടാകുന്നുണ്ടോ ; ഇത് വഴി പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാകുന്നുണ്ടോ;

(ഡി) വിജിലൻസിന്റെ സ്വതന്ത്രമായ പ്രവർത്തനം ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ഇ) വിജിലൻസ് വകുപ്പിലെ എല്ലാ നിയമനങ്ങളും പി.എസ്.സി. വഴി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; അത്തരമൊരു നിർദ്ദേശം ഡി.ജി.പി. ശിപാർശ ചെയ്യാനിടയായ സാഹചര്യം എന്തായിരുന്നു ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ,

(എ) വിജിലൻസ് വകുപ്പ് നിലവിൽ നിഷ്പക്ഷവും കുറ്റമറ്റരീതിയിലുമാണ് പ്രവർത്തിക്കുന്നത്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നിലവിൽ സ്വതന്ത്രമായും നിയമ വ്യവസ്ഥകൾക്ക് വിധേയമായുമാണ് പ്രവർത്തിക്കുന്നത്.

(ഇ) വിജിലൻസ് വകുപ്പിൽ നിലവിൽ അഡീഷണൽ ലീഗൽ അഡ്വൈസർമാരുടെ നിയമനം ഒഴിച്ചുള്ള എല്ലാ തസ്തികകളിലും പി.എസ്.സി. മുഖേനയാണ് നിയമനം നടത്തുന്നത്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർമാരുടെ നിയമനം പി.എസ്.സി. മുഖാന്തിരം നടത്തണമെന്ന് വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly